പതിനാലാം കേരള നിയമസഭ

1-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 245 — 18.07.2016-ൽ മറുപടിക്ക്

സാമൂഹ്യ നിയന്ത്രണത്തോടെ കരിങ്കൽ ഖനനപദ്ധതി

ചോദ്യം

ശ്രീ.ജോർജ് എം. തോമസ്

ശ്രീമതി.വീണാ ജോർജ്ജ്

ശ്രീ.എം.എം. മണി

ശ്രീ. ഐ.ബി. സതീഷ്

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാരിസ്ഥിതികമായി ദുർബലമായ മേഖല കളിൽ ഉൾപ്പെടെ സ്വകാര്യ ഭൂമിയിലും റവന്യൂ ഭൂമിയിലും ലാഭേച്ഛയോടെ മാത്രം നടത്തുന്ന കരിങ്കൽ ഖനനം പരിസ്ഥിതിക്ക് വിനാശകരമായ തോതിൽ വ്യാപകമായിരി ക്കുന്നതു പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതു ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ നിയന്ത്രണ ത്തോടെ നടത്താൻ എന്തു പദ്ധതി യാണുള്ളത്; | (എ) | സ്വകാര്യ ഭൂമിയിലും റവന്യൂ ഭൂമിയിലും കരിങ്കൽ ഖനനം നടത്തുന്നതിന് പാരിസ്ഥിതിക അനുമതി നിർബന്ധ മാക്കിയിട്ടുള്ളതും കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015 പ്രകാരം പാരിസ്ഥിതിക അനുമതിലഭിച്ചിട്ടുള്ള ക്വാറികൾക്ക് മാത്രമാണ് പുതുതായി പെർമിറ്റ്/ലീസ് നൽകി വരുന്നത്.<br><br>ശാസ്ത്രീയമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചാൽ മാത്രമേ പരിസ്ഥിതി വകുപ്പ് പാരിസ്ഥിതിക അനുമതി നൽകാറുള്ളൂ. ചെറുകിട ധാതുഖനനത്തിന് അനുമതി നൽകുന്നതു മായി ബന്ധപ്പെട്ട വിഷയങ്ങൾ ശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാന തലത്തിൽ |

| | | | |
|---|---|---|---|
| | | | SEIAA (State Environment Impact Assessment Authority) യും ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി DEIAA (District Level Environment Impact Assessment Authority) എന്ന കമ്മിറ്റിയും, ജലസേചന വകുപ്പിലെ സീനിയർ എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെയർമാനായി DEAC (District Expert Appraisal Committee) എന്ന കമ്മിറ്റിയും രൂപീകരിക്കുന്ന തിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| ബി) | ഈ രംഗത്തുള്ള കൊള്ളലാഭവും വ്യാപകമായ നികുതി വെട്ടിപ്പും തടയാനും പരിസ്ഥിതിക്ക് വിനാശകരമാകാതെ നിർമ്മാണ മേഖലയക്ക് പാറ ലഭ്യമാക്കുന്നതിനും കരിങ്കൽ ഖനനം പൊതുമേഖലയിലാക്കുന്നതിനെ കുറിച്ച് നിലപാട്ട വ്യക്തമാക്കാമോ; | (ബി) & (സി) | വ്യാപകമായ നികുതി വെട്ടിപ്പും കരിങ്കൽ ഉൽപന്നങ്ങൾക്ക് ഭീമമായി വില വർദ്ധിപ്പിക്കുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. കരിങ്കൽ ഖനനം പൊതു മേഖലയിലാക്കുന്നതിനെക്കുറിച്ച് സമഗ്രവും വിശദവുമായ പഠനം ആവശ്യമാണ്. നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | മറ്റേതെങ്കിലും തരത്തിൽ സാമൂഹ്യ നിയന്ത്രണം സാധ്യമാകുമോ; എങ്കിൽ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ